**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **20-06-2024 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന നിയമ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ അമിതവേഗത തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വാഹനങ്ങളുടെ അമിത വേഗത തടയുന്നതിനായി സംസ്ഥാനത്തുടനീളം 185 സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിച്ചിക്കുകയും പ്രത്യേക വാഹന പരിശോധനകൾ/സ്പെഷ്യൽ ഡ്രൈവുകൾ എന്നിവ സംഘടിപ്പിക്കുകയും നിയമലംഘകർക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഡ്രൈവർമാരുടെ കാഴ്ചയെ ബാധിക്കുന്ന തരത്തിലുള്ള ഹൈ ബീം ലൈറ്റുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (ബി) | പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഡ്രൈവർമാരുടെ കാഴ്ചയെ ബാധിക്കുന്ന തരത്തിലുള്ള ഹൈ ബീം ലൈറ്റുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം *AIS-008*-ൽ നിർദ്ദേശിച്ചിരിക്കുന്ന, സുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ഓരോ മൾട്ടി-കളർ ലെഡ്/ ലേസർ/നിയോൺ ലൈറ്റുകൾ, ഫ്ലാഷ് ലൈറ്റുകൾ എന്നിവയ്ക്ക് അയ്യായിരം രൂപ (രൂ. 5000/-) പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | ഇത്തരം ലൈറ്റുകൾ ഘടിപ്പിച്ച് ഓടുന്ന വാഹനങ്ങളുടെ നമ്പറുകൾ പൊതുജനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ? | (സി) | മോട്ടോർ വാഹനവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടെലിഫോൺ നമ്പർ മുഖാന്തിരവും ഇ-മെയിൽ മുഖാന്തിരവും, അതത് ജില്ലകളിലെ ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്കും (എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്) ട്രാൻസ്പോർട്ട് കമ്മീഷണറുടെ കംപ്ലൈന്റ് സെൽ മുഖാന്തിരവും പൊതുജനങ്ങൾക്ക്, അനധികൃതമായി ലൈറ്റുകൾ ഘടിപ്പിച്ച് ഓടുന്നതുൾപ്പെടെ എല്ലാ വാഹന നിയമലംഘനങ്ങളും ചൂണ്ടിക്കാട്ടി |

| | | | |
|---|---|---|---|
| | | | വാഹനങ്ങളുടെ നമ്പറുകൾ കൈമാറുന്നതിന് സംവിധാനമുണ്ട്. |

സെക്ഷൻ ഓഫീസർ